**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1319** **19-06-2024 - ൽ മറുപടിയ്ക്ക്**

**കണ്ണൂർ ജില്ലയിലെ കാവിൻ മുനമ്പ് പാലത്തിന്റെ സാങ്കേതികാനുമതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിൽ 76.79 കോടി രൂപയുടെ പുതുക്കിയ സാമ്പത്തികാനുമതി കിഫ്ബിയിൽ നിന്നും ലഭ്യമായതും കേരള റോഡ് ഫണ്ട് ബോർഡ് മുഖേന പ്രവൃത്തി ചെയ്യുന്നതുമായ കാവിൻ മുനമ്പ് പാലത്തിന്റെ സാങ്കേതികാനുമതി ലഭ്യമാക്കി ടെണ്ടർ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (എ) | കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിൽ കാവിൻമുനമ്പു പാലത്തിന്റെ പ്രവൃത്തിക്ക് 31/10/2016 തീയതിയിലെ സ.ഉ(സാധാ)നം.1496/2016/ പൊ.മ.വ ഉത്തരവ് പ്രകാരം 35 കോടി രൂപയുടെ തത്വത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ടായിരുന്നു. 20.10.2023 തീയതിയിലെ PWD001-53/TE-4/2023/KIIFB ഓർഡർ പ്രകാരം കിഫ്ബിയിൽ നിന്നും 76.79 കോടി രൂപയുടെ പുതുക്കിയ സാമ്പത്തികാനുമതി ലഭിച്ചിട്ടുണ്ട്. പദ്ധതിക്കുവേണ്ടിയുള്ള സ്ഥലം അഡ്വാൻസ് പൊസഷനായി പൂർണ്ണമായും ലഭ്യമാക്കിയിട്ടുണ്ട്. 11(1) വിജ്ഞാപനം പ്രസിദ്ധീകരിച്ചതിനുശേഷമുള്ള സർവ്വേ നടപടികൾ പുരോഗമിക്കുന്നു. സാങ്കേതിക അനുമതിക്കായി തയ്യാറാക്കിയ 72.89 കോടി രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് ടെക്നിക്കൽ കമ്മിറ്റിയുടെ പരിശോധനയിലാണ്. സാങ്കേതിക അനുമതി നൽകി ടെണ്ടർ നടപടികൾ സ്വീകരിക്കുവാൻ സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ